## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2563 12.02.2019-ൽ മറുപടിക്ക്

### വനാവകാശ നിയമപ്രകാരം പട്ടയത്തിന് പകരം കൈവശരേഖ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, റോജി എം. ജോൺ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വനം, റവന്യൂ സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) | വനം, റവന്യൂ സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ വനാവകാശ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. നിലവിൽ വനാവകാശ നിയമപ്രകാരം ലഭിച്ചതും ഗ്രാമസഭ (630), എസ്.ഡി.എൽ.സി (6509), ഡി.എൽ.സി (135) എന്നിവയിൽ പരിഗണനയിൽ ഉള്ളതും ഡി.എൽ.സി പാസ്സാക്കിയതുമായ 827 അപേക്ഷകർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടിയാണ് നടന്നുവരുന്നത്. |
| ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ചവരുത്തി യെന്ന് കേന്ദ്ര സർക്കാർ, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്ത് നൽകുന്ന സാഹചര്യമുണ്ടായിട്ടും ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടാകാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | ബി) | പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ലഭിച്ച 42789 അപേക്ഷകളിൽ 25631 അപേക്ഷകർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്. 9408 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. 7750 അപേക്ഷകൾ മാത്രമാണ് കൈവശരേഖ നൽകുന്നതിനായി അവശേ ഷിക്കുന്നത്. അതിൽ 5723 അപേക്ഷകൾ ഈ സർക്കാർ വന്ന ശേഷം വനാവകാശ നിയമപ്രകാര മുള്ള നടപടികൾ പൂർത്തീകരിക്കാമെന്ന ലക്ഷ്യത്തോടെ നടത്തിയ നടപടികളുടെ ഭാഗമായി ലഭിച്ചവയാണ്. ആയവ സർവ്വേ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൈവശരേഖ നൽകുന്നതാണ്. ദുർഘട മേഖലകളായ തിനാൽ സർവ്വേ നടപടികൾക്ക് കാലതാമസം |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഇത് ഒഴിവാക്കുവാനായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക ഫണ്ട് അനുവദിച്ച് റിട്ടേഡ്/ സ്വകാര്യ സർവ്വേയർമാരുടെ കൂടി സഹായത്തോടെ സർവ്വേ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| സി) | വനാവകാശ നിയമപ്രകാരം പട്ടയത്തിന് പകരം കൈവശരേഖ നൽകുന്നത് ഗുണഭോക്താക്കൾക്ക് താല്പര്യക്കുറവ് ഉണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; | സി) | വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്ക് പകരം പട്ടയം ലഭിക്കണമെന്ന് ഗുണഭോക്താക്കൾക്ക് താൽപ്പര്യമുണ്ട്. എന്നാൽ കേന്ദ്രനിയമമായ വനാവകാശ നിയമത്തിൽ ROR നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ. |
| ഡി) | എങ്കിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | വനാവകാശ നിയമപ്രകാരം അർഹരായ എല്ലാ പേർക്കും ഭൂമിയുടെ കൈവശരേഖ ലഭിക്കുന്നതിനായി സർവ്വേ നടപടികളും സംയുക്ത പരിശോധനയും ത്വരിതപ്പെടുത്തി എല്ലാ മാസവും എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നിവ ചേർന്ന് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**